# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഫെബ്രുവരി 29 ശനി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 3

## ലൈഫ് മിഷൻ പൂർത്തീകരണ പ്രഖ്യാപനം ആഘോഷമാക്കി തദ്ദേശ സ്ഥാപനങ്ങൾ

സംസ്ഥാന സർക്കാർ ലൈഫ് മിഷൻ പദ്ധതി പ്രകാരം രണ്ടുലക്ഷം വീടുകൾ പൂർത്തിയാക്കിയതിന്റെ പ്രഖ്യാപനം ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളും ആഘോഷമാക്കി. തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത പരിപാടി ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ തത്സമയം സംപ്രേക്ഷണം ചെയ്തു. പഞ്ചായത്തിലെ മുഴുവൻ ഗുണഭോക്താക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്തുതലത്തിലും അതേസമയം പരിപാടികൾ സംഘടിപ്പിച്ചു.

എടത്തുരുത്തി ഗ്രാമപഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ ഭവന നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ കുടുംബസംഗമവും ഭവന പൂർത്തീകരണ പ്രഖ്യാപനവും ഒരുമിച്ചാണ് നടന്നത്. കാളിക്കുട്ടി സ്മാരക ഹാളിൽ നടന്ന കുടുംബ സംഗമത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ബൈന പ്രദീപ് ഭവന പൂർത്തീകരണ പ്രഖ്യാപനം നടത്തി. പഞ്ചായത്തിലെ 109 ഭവനങ്ങളുടെ പൂർത്തീകരണ പ്രഖ്യാപനമാണ് നടന്നത്. പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ വി സതീശൻ സെക്രട്ടറി ടി എഫ് സെബാസ്റ്റ്യൻ, വി ഇ ഒ മനേഷ്, വിവിധ ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

ലൈഫ് മിഷൻ സംസ്ഥാനതല സംഗമത്തിന്റെ ഭാഗമായി പുഴയ്ക്കൽ, ചൊവന്നൂർ ബ്ലോക്ക് പഞ്ചായത്തുകളിൽ ലൈഫ് സംഗമം നടത്തി. പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിലെ കോലഴി, അവണൂർ, അടാട്ട്, മുളങ്കുന്നത്തുകാവ്, കൈപ്പറമ്പ്, തോളൂർ, ചൊവന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ കടവല്ലൂർ, കടങ്ങോട്, കാട്ടകാമ്പാൽ, ചൊവന്നൂർ, കണ്ടാണശ്ശേരി, ചൂണ്ടൽ, പോർക്കുളം, വേലൂർ തുടങ്ങിയ പഞ്ചായത്തുകളിലാണ് ലൈഫ് മിഷൻ സംഗമം നടത്തിയത്. പഞ്ചായത്ത് പ്രസിഡന്റുമാർ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റുമാർ, ലൈഫ് മിഷൻ ചുമതലയുള്ള വി ഇ ഒ മാർ, ഗുണഭോക്താക്കൾ തുടങ്ങിയവർ പങ്കെടുത്തു.

മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വെങ്കിടങ്ങ്, മുല്ലശ്ശേരി, പാവറട്ടി, ഇളവള്ളി ഗ്രാമപഞ്ചായത്തുകളിലും ഇരിക്കാലക്കുട ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ മുരിയാട്, കാട്ടൂർ, പറപ്പൂക്കര, കാറളം എന്നീ പഞ്ചായത്തുകളിലുമാണ് കുടുംബ സംഗമവും പ്രഖ്യാപനത്തിന്റെ തത്സമയ പ്രദർശനവും നടന്നത്. സംഗമത്തിൽ ലൈഫ്മിഷൻ ഗുണഭോക്താക്കളും പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ഭരണസമിതി അംഗങ്ങളും പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരും പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്:***

***1) ലൈഫ് മിഷൻ പൂർത്തീകരണ പ്രഖ്യാപനം തത്സമയം സംപ്രേക്ഷണം വീക്ഷിക്കുന്ന എറിയാട് പഞ്ചായത്തിലെ ഗുണഭോക്താക്കൾ***

*2) ലൈഫ് മിഷൻ പൂർത്തീകരണ പ്രഖ്യാപനം തത്സമയം സംപ്രേക്ഷണം വീക്ഷിക്കുന്ന മാള പഞ്ചായത്തിലെ ഗുണഭോക്താക്കൾ*
*3) ലൈഫ് മിഷൻ പൂർത്തീകരണ പ്രഖ്യാപനം തത്സമയം സംപ്രേക്ഷണം വീക്ഷിക്കുന്ന തോളൂർ പഞ്ചായത്തിലെ ഗുണഭോക്താക്കൾ*

# ജില്ലയ്ക്ക് ഇനി ശീതീകരിച്ച സഞ്ചരിക്കുന്ന പച്ചക്കറി വണ്ടിയും

ജില്ലയിലെ ആദ്യത്തെ ശീതീകരിച്ച സഞ്ചരിക്കുന്ന പഴം, പച്ചക്കറി വണ്ടി അയ്യന്തോൾ കോർപ്പറേഷൻ ഇ കെ മേനോൻ സ്മാരക പ്രിയദർശിനി ഹാൾ പരിസരത്ത് കൃഷി വകുപ്പ് മന്ത്രി അഡ്വ വി എസ് സുനിൽകുമാർ ഫ്‌ളാഗ് ഓഫ് ചെയ്തു. പ്രാരംഭഘട്ടത്തിൽ നഗരപരിധിയിലെ ഫ്ളാറ്റുകളിലും, റെസിഡന്റ്സ് കോളനികളിലൂമാണ് വണ്ടിയുടെ സേവനം ലഭ്യമാവുക. നാല് ദിവസം വരെ കേടാകാതെ ഫ്രഷായി പച്ചക്കറികൾ ഈ വണ്ടിയിൽ സൂക്ഷിക്കാൻ കഴിയും. സൗരോർജ്ജം വിനിയോഗിച്ചാണ് ഈ വണ്ടിയിലെ ശീതീകരണ സംവിധാനം പ്രവർത്തിക്കുക. ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചർ റിസർച്ചിന്റെ കീഴിൽ കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ പ്രോഡക്ട് ഡെവലെപ്മെന്റ് കോർപ്പറേഷന് വേണ്ടി ബംഗളൂരു ആസ്ഥാനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടി കൾച്ചർ റിസർച്ചാണ് വണ്ടി രൂപകൽപന ചെയ്തത്.

ഫ്ളാറ്റുകളിലും റെസിഡന്റ്സ് കോളനികളിലും മട്ടുപ്പാവിലും ഉദ്യാനങ്ങളിലും കൃഷി ചെയ്യുന്ന പച്ചക്കറികളും, ഇല വർഗ്ഗങ്ങളും, കിഴങ്ങുവർഗങ്ങളും, പഴങ്ങളും വീടുകളിലെ ആവശ്യം കഴിഞ്ഞവ ഈ യൂണിറ്റ് വഴി വിപണനം ചെയ്യാനും സാധിക്കുമെന്ന് മന്ത്രി അറിയിച്ചു. ജീവനി പദ്ധതിയുടെ ഭാഗമായി വിഷരഹിത പച്ചക്കറികൾ വീടുകളിൽ നേരിട്ട് എത്തിക്കുകയാണ് ലക്ഷ്യം എന്നും അദ്ദേഹം പറഞ്ഞു. വണ്ടി സഞ്ചരിക്കുന്ന വഴികൾ വാർഡ് കൗൺസിലർമാരുമായി ആലോചിച്ച് പിന്നീട് തീരുമാനിക്കും. നഗര പരിധിയിൽ വിജയിച്ചാൽ പദ്ധതി പഞ്ചായത്ത് തലത്തിലും വിന്യസിപ്പിക്കും. മേയർ അജിത വിജയൻ അധ്യക്ഷയായി. ഡെപ്യൂട്ടി മേയർ റാഫി ജോസ് പി, ഡി പി സി മെമ്പർ വർഗീസ് കണ്ടംകുളത്തി, ഹോർട്ടികോർപ് ജനറൽ മാനേജർ രജത വി തുടങ്ങിയവർ പങ്കെടുത്തു.

*ഫോട്ടോ അടിക്കുറിപ്പ്: ജില്ലയിലെ ആദ്യത്തെ ശീതീകരിച്ച സഞ്ചരിക്കുന്ന പച്ചക്കറി വണ്ടി കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ ഫ്ളാഗ് ഓഫ് ചെയ്യുന്നു*

# ബയോഗ്യാസ് പ്ലാന്റുകൾ സബ്സിഡി നിരക്കിൽ നൽകുന്നു

ചാവക്കാട് നഗരസഭ ബയോഗ്യാസ് പ്ലാന്റുകൾ സബ്സിഡി നിരക്കിൽ നൽകുന്നു. സ്വച്ഛ് ഭാരത് അർബൻ പദ്ധതിയുടെ ഭാഗമായിട്ടുള്ള ബയോഗ്യാസുകളാണ് നഗരസഭ വഴി നൽകുന്നത്. മാർച്ച് അഞ്ചാം തിയ്യതിക്ക് മുൻപായി ഗുണഭോക്തൃ വിഹിതം നഗരസഭയിൽ അടക്കുന്നവർക്ക് മാത്രമേ പദ്ധതി പ്രകാരമുള്ള ബയോഗ്യാസ് പ്ലാന്റുകൾ ലഭിക്കുകയുള്ളു. ബയോഗ്യാസ് 0.5 എം ത്രിക്ക് 1050 രൂപ, ബയോഗ്യാസ് 0.75 എം ത്രിക്ക് 1200 രൂപ, ബയോഗ്യാസ് 1 എംത്രിക്ക് 1350 രൂപ എന്നിവയാണ് ഗുണഭോക്തൃ വിഹിതം.

# റീബൂട്ട് കേരള ഹാക്കത്തോൺ ജില്ലാ കളക്ടർ സന്ദർശിച്ചു

കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് വിദ്യാർത്ഥികളിലൂടെ സാങ്കേതിക പരിഹാരം കണ്ടെത്തുന്ന റീബൂട്ട് കേരള ഹാക്കത്തോൺ ജില്ലാ കളക്ടർ എസ് ഷാനവാസ് സന്ദർശിച്ചു. തെരഞ്ഞെടുത്ത മുപ്പതു വിദ്യാർത്ഥികളുടെ വിവിധ സംഘങ്ങളുമായി കളക്ടർ സംവദിച്ചു. കോൾ നിലങ്ങളിൽ 'ക്രോപ് കലണ്ടർ' ഉപയോഗിക്കുന്നതിന്റെ പ്രസക്തിയിൽ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ അദ്ദേഹം അവരുമായി പങ്കുവച്ചു. വിദ്യാർത്ഥികളുടെ കഴിവുകൾ പുസ്തകങ്ങളിൽ മാത്രം ഒതുങ്ങരുതെന്നും അദ്ദേഹം അഭിപ്രായപെട്ടു. ഇത്തരം യജ്ഞങ്ങൾ അവരുടെ അറിവിനെ

കഴിവുകളാക്കി, സാമൂഹിക പ്രശനങ്ങളുടെ ഉത്തരങ്ങളാകുവാൻ സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ചോദ്യങ്ങൾ ചോദിക്കാനും സമൂഹത്തിലേക്ക് ഇറങ്ങി പ്രവർത്തിക്കാനും കുട്ടികളെ സജ്ജമാക്കുന്നതിൽ അസാപ്പിന്റെ പങ്ക് വളരെ വലുതാണെന്ന് കളക്ടർ പറഞ്ഞു.
***ഫോട്ടോ അടിക്കുറിപ്പ്: കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് വിദ്യാർത്ഥികളിലൂടെ സാങ്കേതിക പരിഹാരം കണ്ടെത്തുന്ന റീബൂട്ട് കേരള ഹാക്കത്തോൺ ജില്ലാ കളക്ടർ എസ് ഷാനവാസ് സന്ദർശിക്കുന്നു***

## ചിമ്മിനി ഡാമിൽ നിന്നും കൂടിയ അളവിൽ ജലം തുറന്നു വിടും

ചിമ്മിനി ഡാമിലെ ജലം ഉപയോഗിച്ച് നെൽകൃഷി ചെയ്യുന്ന വിവിധ പാടശേഖരങ്ങളിൽ ജലത്തിന്റെ ആവശ്യകത വർധിച്ച സാഹചര്യത്തിൽ ഇരിങ്ങാലക്കുട, തൊമ്മാന, മുരിയാട് മേഖലകളിലെ നെൽകൃഷിക്ക് അടിയന്തരമായി ജലം തുറന്നു വിടുമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.